# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഓഗസ്റ്റ് 28

# വാർത്താക്കുറിപ്പ്

## പരീക്ഷ ഫലം

2020 മാർച്ചിൽ നടന്ന ആറാം സെമസ്റ്റർ ബി.എസ് സി. മോഡൽ 3 സൈബർ ഫോറൻസിക് (സി.ബി.സി.എസ്.എസ്. 2017 അഡ്മിഷൻ റഗുലർ) പരീക്ഷഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 14 വരെ സർവകലാശാല വെബ്സൈറ്റിലെ 'സ്റ്റുഡന്റ്സ് പോർട്ടൽ' ലിങ്ക് വഴി ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/848/2020)

## രാജ്യാന്തര വെബിനാറിന് തുടക്കം

## ജനകീയാസൂത്രണം ശക്തിപ്പെടുന്നു: ഡോ. ടി.എം. തോമസ് ഐസക്

കേരളത്തിലെ ജനകീയാസൂത്രണ പദ്ധതിയുടെ സമാന മാതൃകയിൽ തൊണ്ണൂറുകളിൽ വിവിധ രാജ്യങ്ങളിൽ പ്രവർത്തനങ്ങൾ നടന്നെങ്കിലും അവ നിലയ്ക്കുകയോ തകർക്കപ്പെടുകയോ ചെയ്തതായി ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക് പറഞ്ഞു. മഹാത്മാഗാന്ധി സർവകലാശാലയും കിലയും സംയുക്തമായി 'കോപ്പറേറ്റിവിസം, സെൽഫ് മാനേജ്മെന്റ്, വികേന്ദ്രീകൃത വികസനം' എന്ന വിഷയത്തിൽ സംഘടിപ്പിച്ച രാജ്യാന്തര വെബിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സർക്കാരുകൾ വികസന സേവന മേഖലകളിൽ നിന്ന് പിൻവാങ്ങണമെന്ന ലോക ബാങ്കിന്റെയും അന്താരാഷ്ട്ര നാണയ നിധിയുടെയും പ്രചരണങ്ങൾക്കിടയിലാണ് 'സർക്കാരുകൾ കൂടുതൽ ജനങ്ങളിലേക്ക്' എന്ന രീതിയിൽ 1996ൽ ജനകീയാസൂത്രണം ആരംഭിച്ചത്. എല്ലാ പ്രദേശത്തും വികസനവും സേവനവും എത്തിക്കാൻ ഇതിലൂടെ സാധിച്ചു. തദ്ദേശഭരണ സംവിധാനം ശക്തിപ്പെടുത്താനും എല്ലാവർക്കും പങ്കെടുക്കാനും തീരുമാനമെടുക്കാനുമുള്ള വേദി ഒരുങ്ങി. സമാനമാതൃക പിന്തുടർന്ന പല രാജ്യങ്ങളിലും അവ നിലച്ചു പോവുകയോ തകർക്കപ്പെടുകയോ ചെയ്തപ്പോഴും കേരളത്തിൽ ജനകീയാസൂത്രണം ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

അമേരിക്കയിലെ വാട്സൺ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർനാഷണൽ സ്റ്റഡിസിലെ പ്രൊഫ. പാട്രിക് ഹെല്ലർ മുഖ്യ പ്രഭാഷണം നടത്തി. കൊവിഡിനെ നേരിടുന്നതിൽ ലോകമെമ്പാടും വിവിധ തരത്തിലുള്ള ഇടപെടലുകളാണ് നടത്തിയതെന്ന് അദ്ദേഹം സൂചിപ്പിച്ചു. ഓരോ ഭരണകൂടത്തിന്റെയും രാഷ്ട്രീയ സ്വഭാവമാണ് ഈ ഇടപെടലുകളിൽ പ്രതിഫലിച്ചതെന്നും വിജയം നിശ്ചയിക്കുന്നത് അതതു രാജ്യങ്ങളുടെ സാമ്പത്തിക വളർച്ച നിരക്കിലോ പ്രതിശീർഷ ആളോഹരി വരുമാനത്തിന്റെ അടിസ്ഥാനത്തിലോ അല്ലെന്നും ഭരണകൂട സ്വഭാവത്തിന്റെ അടിസ്ഥാനത്തിലാണെന്നും അദ്ദേഹം പറഞ്ഞു. ശക്തമായ പൊതുജനാരോഗ്യ സംവിധാനവും തദ്ദേശഭരണ സംവിധാനവും കേരളത്തെ വ്യത്യസ്തമാക്കുന്നുവെന്നും കോവിഡ് പ്രതിരോധത്തിൽ ലോകമെങ്ങും കേരളത്തെ ഉറ്റു നോക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ ഡോ. സാബു തോമസ് അധ്യക്ഷത വഹിച്ചു.

കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ, പ്രൊഫ. ജോസഫ് താരമംഗലം എന്നിവർ സംസാരിച്ചു. തുടർന്ന് ശാരദ മുരളീധരൻ, അഹമ്മദ് താരിക് റഷീദ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. പ്രൊഫ. ഒലെ ടെന്റൺക്വിസ്റ്റ് അധ്യക്ഷത വഹിച്ചു.

തുടർന്നുള്ള ദിവസങ്ങളിൽ വിവിധ രാജ്യങ്ങളിൽ നിന്നുമുള്ള വിദഗ്ധർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. ഓഗസ്റ്റ് 30 വരെ എല്ലാ ദിവസവും വൈകിട്ട് ഏഴ് മുതൽ ഒമ്പതു വരെയാണ് വെബിനാർ. കിലയുടെ ഫേസ് ബുക്ക് പേജിലൂടെയോ (https://www.facebook.com/kilatcr) യൂട്യൂബ് പേജിലൂടെയോ (https://www.youtube.com/kilatcr) പങ്കെടുക്കാം.

## പടം കാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാലയും കിലയും സംയുക്തമായി 'കോപ്പറേറ്റിവിസം, സെൽഫ് മാനേജ്മെന്റ്, വികേന്ദ്രീകൃത വികസനം' എന്ന വിഷയത്തിൽ സംഘടിപ്പിച്ച രാജ്യാന്തര വെബിനാർ ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക് ഉദ്ഘാടനം ചെയ്യുന്നു.**

(പി.ആർ.ഒ/39/849/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ